# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4 — 07.08.2017 -ലെ മറുപടിക്ക്

## സർക്കാർ നടപ്പിലാക്കിയ പ്രധാന പദ്ധതികൾ

**ചോദ്യം**

ശ്രീ. കെ. ദാസൻ

(എ) ഈ സർക്കാർ അധികാരത്തിലേറ്റ ശേഷം നടപ്പിലാക്കിയ പ്രധാന പദ്ധതികളും ഭരണ നേട്ടങ്ങളും വിശദമാക്കാമോ;

**ഉത്തരം**

പിണറായി വിജയൻ
(മുഖ്യമന്ത്രി)

(എ) കേരളം അഭിമുഖീകരിക്കുന്ന സാമൂഹികവും സാമ്പത്തികവുമായ വികസന വെല്ലുവിളികൾക്ക് പരിഹാരം കണ്ട്, ഒരു നവകേരളം കെട്ടിപ്പടുക്കുക, എന്ന ലക്ഷ്യത്തോടെ ഈ സർക്കാർ നടപ്പാക്കി വരുന്ന ഒരു പ്രധാന പദ്ധതിയാണ് ' നവ കേരളം കർമ്മ പദ്ധതി'. ആറ് മുൻഗണനാ മേഖലകളെ കോർത്തിണക്കി താഴെ പറയുന്ന നാല് വികസന മിഷനുകളാണ് നവകേരളം കർമ്മപദ്ധതിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

1. സമ്പൂർണ്ണ പാർപ്പിടം – ലൈഫ് മിഷൻ
2. ജനസൗഹൃദ സർക്കാർ ആശുപത്രികൾ – ആർദ്രം മിഷൻ
3. പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം.
4. ശുചിത്വ മാലിന്യ സംസ്ക്കരണം, മണ്ണ്–ജല സംരക്ഷണം, ജൈവ കൃഷി രീതിയ്ക്ക് പ്രാമുഖ്യം കൊടുത്തുകൊണ്ടുള്ള കൃഷി വികസനം എന്നീ മേഖലകൾക്ക് ഊന്നൽ നൽകുന്ന ഹരിത കേരളം മിഷൻ.

വികസന മിഷനുകളുടെ പൊതു ലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്.

1. വികസന പ്രക്രിയയുടെ പൂർണ്ണ പ്രയോജനം ഇനിയും ലഭിക്കാത്ത

| | | | |
|---|---|---|---|
| | | | വരും ഒഴിവായി പോയവരുമായ സാധാരണക്കാരുടേയും മുൻഗണനാ വിഭാഗങ്ങളുടേയും ജീവിത സൗകര്യങ്ങളും ജീവിത ഗുണമേന്മയും ഉപജീവന സൗകര്യങ്ങളും സാമൂഹ്യക്ഷേമ സൗകര്യങ്ങളും മെച്ചപ്പെടുത്തുക.<br>2. ആരോഗ്യമേഖല ഉൾപ്പടെയുള്ള വികസന രംഗത്തെ രണ്ടാം തലമുറ പ്രശ്നങ്ങൾ പരിഹരിക്കുക വഴി കേരള വികസന മാതൃക പുനരുജ്ജീവിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ ഫലപ്രാപ്തിയിലെത്തിക്കുക.<br>3. ജലവും മണ്ണും ഉൾപ്പടെയുള്ള പ്രകൃതി വിഭവങ്ങൾ സംരക്ഷിക്കുകയും ശാസ്ത്രീയമായി വിനിയോഗിക്കുകയും സുസ്ഥിരമായി പരിപാലിക്കുകയും ചെയ്യുക.<br>4. വ്യാപകമായി ഉപകാരപ്രദമായ മരങ്ങൾ വച്ച് പിടിപ്പിച്ച് സംസ്ഥാനത്തൊട്ടാകെ ഹരിതാവരണം സൃഷ്ടിക്കുക.<br>5. താഴെത്തട്ടിൽ സേവനങ്ങൾ നൽകുന്ന സർക്കാർ സ്ഥാപനങ്ങളുടെ മെച്ചപ്പെട്ട ഏകോപനവും ലഭ്യമായ അടിസ്ഥാന സൗകര്യങ്ങളുടേയും മറ്റു വിഭവങ്ങളുടേയും ശാസ്ത്രീയ വിനിയോഗവും പരിപാലനവും ഉറപ്പാക്കുക.<br>6. ജനകീയാസൂത്രണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തി കാര്യക്ഷമമാക്കുന്നതിന് വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ കേന്ദ്രീകരിക്കുന്ന രീതിയിൽ ഏകോപിപ്പിക്കുക.<br>7. സ്ഥാപനതല-വ്യക്തിഗത സാമൂഹ്യ പ്രതിബദ്ധതാ വിഭവങ്ങളുടേയും ജനകീയ സ്രോതസ്സുകളുടേയും സംയോജനം സാധ്യമാക്കുക. |
| (ബി) | നവകേരള മിഷനുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; ഇവയുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ? | (ബി) | ഉണ്ട്. നവകേരളം കർമ്മപദ്ധതിയിൽ ഉൾപ്പെട്ട ലൈഫ്, ആർദ്രം, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, ഹരിത കേരളം എന്നീ നാല് വികസന മിഷനുകളുടെ പ്രവർത്തനങ്ങൾക്ക് മാർഗ്ഗ |

നിർദ്ദേശം നൽകുന്നതിനും മേൽനോട്ടം വഹിക്കുന്നതിനുമായി സംസ്ഥാന തലത്തിൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നാല് മിഷനുകൾ പ്രവർത്തിക്കുന്നുണ്ട്. ജില്ലാ, മുനിസിപ്പാലിറ്റി / കോർപ്പറേഷൻ, ബ്ലോക്ക് / ഗ്രാമ പഞ്ചായത്ത് തല മിഷനുകളും രൂപീകരിച്ചിട്ടുണ്ട്. വിവിധതലങ്ങളിലെ മിഷനുകളെ സഹായിക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പിന്തുണാ സഹായം നൽകുന്നതിനായും സംസ്ഥാനതലത്തിലും ജില്ലാതലത്തിലും തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിലും കർമ്മസേനകൾ രൂപീകരിച്ചിട്ടുണ്ട്. മുഖ്യമന്ത്രി തലത്തിൽ നാല് മിഷനുകളുടെയും പുരോഗതി അവലോകനം ചെയ്യുകയും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യാറുണ്ട്. നാല് മിഷനുകളുടെയും ഏകോപനത്തിനായി സംസ്ഥാനതലത്തിൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി രൂപീകരിച്ച എംപവേർഡ് കമ്മിറ്റിയും പദ്ധതി പുരോഗതി അവലോകനം ചെയ്യാറുണ്ട്. നാല് മിഷനുകളുടേയും നിരീക്ഷണത്തിനും വിലയിരുത്തലിനും ആവശ്യമായ പിന്തുണാസഹായം മിഷൻ മോണിറ്ററിംഗ് ടീം നൽകുന്നുണ്ട്.

| | |
|---|---|
| (സി) സെക്രട്ടറിയേറ്റിൽ ഫയലുകൾ കെട്ടിക്കിടക്കുന്നതും കാലതാമസം ഉണ്ടാകുന്നതും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, ഫയൽ നീക്കം ത്വരിതപ്പെടുത്താനും നടപടികൾ വേഗത്തിലാക്കാനും സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാം; ഒരു വർഷത്തിനുള്ളിൽ സംഭവിച്ച മാറ്റങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ? | (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കാലപ്പഴക്കം ചെന്ന ഫയലുകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. വകുപ്പ് സെക്രട്ടറി തലത്തിൽ അദാലത്തുകൾ നടത്തി ഫയൽ നീക്കം ത്വരിതപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. മുഖ്യമന്ത്രി തലത്തിലും ചീഫ് സെക്രട്ടറി തലത്തിലും അവലോകന യോഗങ്ങൾ നടത്തി ഫയൽ നീക്കം ത്വരിതപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ